*'CORRUPTION, A CRIME AGAINST NATION'*

വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ,
തിരുവനന്തപുരം-695 033,
ഇ-മെയിൽ: vig.vacb@kerala.gov.in
ഫോൺ: 0471- 2305393
തീയതി:25/10/2022

# "കൈക്കൂലി വാങ്ങുന്നതിനിടെ വില്ലേജ് ഓഫീസർ വിജിലൻസ് പിടിയിൽ"

തൃശ്ശൂർ ജില്ലയിലെ തലപ്പള്ളി താലൂക്കിൽ, കോട്ടപ്പുറം ചിറ്റണ്ട വില്ലേജ് ഓഫീസിലെ വില്ലേജ് ഓഫീസറുടെ ചാർജ് വഹിച്ചിരുന്ന സീനിയർ ക്ലാർക്ക് ചന്ദ്രനെ കൈക്കൂലി വാങ്ങുന്നതിനിടെ വിജിലൻസ് അറസ്റ്റ് ചെയ്തു. രാജൻ എന്നയാളുടെ വസ്തുവിൽ നിന്നും മരക്കച്ചവടക്കാരനായ പരാതിക്കാരൻ, കമറുദ്ദീൻ വിലക്ക് വാങ്ങിയ മരം മുറിക്കുന്നതിനുള്ള പാസ്സിനായി ഈ മാസം ആദ്യവാരത്തിൽ വില്ലേജ് ഓഫീസിൽ അപേക്ഷ നൽകിയിരുന്നു. അപ്പോൾതന്നെ ചന്ദ്രൻ 2000/- രൂപ കൈക്കൂലി നൽകിയാൽ ഉടൻ സ്ഥലംപരിശോധിക്കാമെന്ന് പറഞ്ഞതിനെതുടർന്ന് അന്നേദിവസം 2000/-രൂപ നൽകുകയും ഉടൻതന്നെ ചന്ദ്രൻ സ്ഥലപരിശോധന നടത്തുകയുംചെയ്തു. പാസ്സ് ലഭിക്കാത്തതിനെ തുടർന്ന് ഇക്കഴിഞ്ഞ വെള്ളിയാഴ്ച പാസ്സ് ലഭിക്കാത്തതിന്റെ കാരണം അന്വേഷിച്ച് വില്ലേജ് ഓഫീസിൽ എത്തിയ ശ്രീ. കമറുദ്ദീനോട് വില്ലേജ് ഓഫീസർ പാസ്സ് അനുവധിക്കണമെങ്കിൽ 10,000/- രൂപ കൂടി കൈക്കൂലി ആവശ്യപ്പെടുകയാണുണ്ടായത് ഇക്കാര്യം കമറുദ്ദീൻ വിജിലൻസ് തൃശ്ശൂർ യൂണിറ്റ് ഡി.വൈ.എസ്.പി ,ശ്രീ. ജിം പോളിനെ അറിയിക്കുകയും തുടർന്ന് അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം കെണി ഒരുക്കി ഇന്ന് (25/10/2022) രാവിലെ ഓഫീസിലേക്ക് വരുന്ന വഴിയിൽ കാറിൽ വച്ച് 10,000/- രൂപ കൈക്കൂലി വാങ്ങിയ ചന്ദ്രനെ വിജിലൻസ് കൈയ്യോടെ പിടികൂടുകയാണുണ്ടായത്.

വിജിലൻസ് സംഘത്തിൽ തൃശ്ശൂർ യൂണിറ്റ് ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് ശ്രീ. ജിം പോളിനെ കൂടാതെ ഇൻസ്പെക്ടർമാരായ ശ്രീ. സുനിൽകുമാർ സബ്ഇൻസ്പെക്ടർമാരായ ദിനേശൻ ,ജയകുമാർ, അസിസ്റ്റന്റ് സബ്ഇൻസ്പെക്ടർമാരായ പ്രദീപ്, ബൈജു, കരുണൻ സീനിയർ

സിവിൽപോലീസ്ഒഫിസർമാരായ സന്ധ്യ,  നിബാഷ്, വിബീഷ്, , സിവിൽ പോലീസ് ഓഫീസർമാരായ സൈജുസോമൻ, അരുൺ  ഡ്രൈവർമാരായ എബിതോമസ്, രാജീവ് എന്നിവരടങ്ങിയ സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്. പ്രതിയെ തൃശ്ശൂർ വിജിലൻസ് കോടതി മുമ്പാകെ ഹാജരാക്കും.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം. ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.